# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ: 37

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്*

കർത്താവിൽ വാത്സല്യമുള്ളവരെ,

ജീവനുള്ളതും ജീവൻ നൽകുന്നതുമായ ദൈവത്തിന്റെ വചനം വേദപുസ്തകത്തിലൂടെ വരമൊഴിയായി നമുക്ക് നൽകിയ ദൈവത്തെ സ്തുതിക്കുകയും ബൈബിൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്ന ദിനമാണല്ലോ വേദപുസ്തക ഞായർ. നമ്മുടെ സഭ ഈ സംവത്സരം വേദപുസ്തക ഞായറായി ആചരിക്കുന്ന ഡിസംബർ 5–ന് ആരാധനാമദ്ധ്യേ ബൈബിൾ സൊസൈറ്റിക്കായി പ്രത്യേകം പ്രാർത്ഥിക്കുകയും സ്തോത്രക്കാഴ്ചയിൽ ഉദാരപൂർവ്വം സഹകരിക്കുകയും ചെയ്യണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

ദൈവവചനം ഏവർക്കും ലഭ്യമാക്കുന്നതിലൂടെ ദൈവരാജ്യദൗത്യത്തിൽ സഭകളെ ശുശ്രൂഷിക്കുക എന്നതാണ് ബൈബിൾ സൊസൈറ്റിയുടെ നിയോഗം. വേദപുസ്തകപരിഭാഷ, പ്രസാധനം, വിതരണം, ഇടപെടൽ എന്നിവയിലൂടെ വിവിധ ഭാഷാസമൂഹങ്ങൾക്ക് അവരവരുടെ മാതൃഭാഷയിൽ ദൈവവചനം ലഭ്യമാക്കുവാൻ ബൈബിൾ സൊസൈറ്റി പരിശ്രമിക്കുന്നു. അതോടൊപ്പം സത്യവേദപുസ്തകത്തിന്റെ ആധുനിക വിവർത്തനം, കൺകോർഡൻസ്, റഫറൻസ്, പഠന, ഓഡിയോ, ഡിജിറ്റൽ പതിപ്പുകൾ എന്നിവയും പ്രസിദ്ധീകരിച്ചിട്ടുണ്ട്. വ്യത്യസ്ത വിശ്വാസപാരമ്പര്യങ്ങളിലുള്ള സഭകളെ ദൈവവചനത്തിന്റെ ശുശ്രൂഷയിൽ ഒരുമിപ്പിക്കുന്ന അനുഗൃഹീതദൗത്യവും ബൈബിൾ സൊസൈറ്റി നിറവേറ്റുന്നു.

മാർത്തോമാ മെത്രാപ്പോലീത്താ ബൈബിൾ സൊസൈറ്റി ദേശീയ നിർവ്വാഹകസമിതിയിലും ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ ദേശീയ കൗൺസിലിലും നേതൃത്വം നൽകിവരുന്നു.

ഭാരതത്തിലെ 1652 ഭാഷകളിൽ ബൈബിൾ സൊസൈറ്റിയുടെ ചുമതലയിൽ ഇതുവരെ 200–ൽ അധികം ഭാഷകളിൽ ദൈവവചനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിലവിൽ 81 പരിഭാഷാ പദ്ധതികൾ പുരോഗമിക്കുന്നു. കോവിഡ് മഹാമാരിയുടെ സാഹചര്യത്തിലും ഇക്കഴിഞ്ഞ വർഷം 46,818 ബൈബിളുകൾ ഉൾപ്പെടെ 9,22,797 തിരുവചന ഭാഗങ്ങൾ കേരളത്തിൽ വിതരണം ചെയ്യുവാൻ ബൈബിൾ സൊസൈറ്റിക്ക് സാധിച്ചു. അതോടൊപ്പം, പ്രകൃതിക്ഷോഭങ്ങളിൽ ബൈബിൾ നഷ്ടമായവർക്ക് ബൈബിൾ നൽകുവാനും ഇടയായി. ബൈബിൾ സൊസൈറ്റി പ്രവർത്തനങ്ങൾക്കും വിഭവസമാഹണത്തിനും ഈ കാലഘട്ടം സൃഷ്ടിച്ചിട്ടുള്ള പ്രതിസന്ധികൾ ദൈവജനത്തിന്റെ പ്രാർത്ഥനാപൂർവമായ സഹകരണത്തിലൂടെ മാത്രമേ അതിജീവിക്കുവാൻ സാധിക്കുകയുള്ളൂ.

ഭാരതത്തിലെ 17 ഓക്സിലറികളിലൂടെ നിർവഹിക്കപ്പെടുന്ന ബൈബിൾ സൊസൈറ്റി പ്രവർത്തനങ്ങൾ അഭംഗുരം തുടരുവാൻ ഏവരുടെയും ആത്മാർത്ഥമായ പ്രാർത്ഥനയും ഔദാര്യപൂർവ്വമായ സമർപ്പണവും അത്യന്താപേക്ഷിതമാണ്. വേദപുസ്തകഞായർ സ്തോത്രകാഴ്ച മുഴുവനും ഇടവക ചുമതലക്കാർ സഭാ ഓഫീസിൽ ഏൽപ്പിക്കണം. ബൈബിൾ സൊസൈറ്റി പ്രാദേശികശാഖകളുടെ പ്രവർത്തനത്തിലും വിഭവസമാഹരണത്തിലും നമ്മുടെ പട്ടക്കാരും ഇടവക ജനങ്ങളും സജീവമായി പങ്കുചേരുവാൻ ഉദ്ബോധിപ്പിക്കുന്നു. ദൈവവചനത്തെ സ്നേഹിക്കുകയും ദൈവവചനം മറ്റുള്ളവരുമായി പങ്കിടുകയും ദൈവവചനാധിഷ്ഠിത ജീവിതശൈലി അനുവർത്തിക്കുകയും ചെയ്യുന്ന വിശ്വാസസമൂഹമായി ദൈവരാജ ദൗത്യത്തിൽ നമുക്കു പങ്കുചേരാം.

''ഞാൻ ജീവിച്ചിരിക്കേണ്ടതിനു നിന്റെ വചനപ്രകാരം എന്നെ താങ്ങേണമേ; എന്റെ പ്രത്യാശയിൽ ഞാൻ ലജ്ജിച്ചുപോകരുതേ'' (സങ്കീർത്തനങ്ങൾ 119:116) എന്ന ദൈവവചനം നമ്മെ ശക്തീകരിക്കട്ടെ.

കൃപ നിങ്ങളോട് ഏവരോടുംകൂടെ ഇരിക്കുമാറാകട്ടെ.

എന്ന് 2021 നവംബർ മാസം 20–ാം തീയതി തിരുവല്ലാ പൂലാത്തീനിൽ നിന്നും

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

**FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA**

**Circular No. 37**

*Blessings of our Lord Jesus Christ be with the Vicars, Office-Bearers of Parishes, Clergy and the believers in our Church*

Beloved in Christ,

Bible Sunday provides the occasion to praise God Almighty for the gift of the living and life-giving Word in the written format as the Holy Bible, and to uphold the ministry of the Bible Society of India. Let me exhort you to intercede for the Bible Society of India during worship and share your generous offerings as we celebrate Bible Sunday on the 5th of December 2021.

Bible Society of India serves the Churches in their mission of the Kingdom of God by making God's Word available to all. Through Bible Translation, Publishing, Distribution and Scripture Engagement, Bible Society strives to provide the Holy Scripture to the diverse language communities in their mother tongues. Varieties of scriptures such as Contemporary Language Concordance Translations, Reference, Study, Digital and Audio Editions are being published by the Bible Society in multiple languages to facilitate meaningful engagement with the Scripture. Bible Society also endeavours to bring together various Church traditions to partner for the cause of God's Word.

Mar Thoma Metropolitan provides leadership to the Bible Society of India in the National Executive Committee and Rt. Rev. Dr Abraham Mar Paulos Episcopa in the BSI Central Council.

Out of the 1652 languages and dialects in India, Bible Society has published Scriptures in more than 200 languages. In addition, there are 81 ongoing translation projects. In the past year, Kerala Auxiliary distributed 9, 22,797 Scripture portions in total, of which 46,818 are Bibles and Testaments. Also, the Bible Society could provide Bibles to those affected by the natural disasters. These times have wrought unprecedented challenges to the activities and resource mobilization efforts of Bible Society. We will be able to overcome these circumstances only through the prayerful and wholehearted support of the people of God.

The sincere prayers and generous offerings of the people of God are earnestly solicited so that the work of all the 17 Bible Society Auxiliaries in India may move ahead overcoming all the present challenges. The parish office bearers should take earnest efforts to remit the entire Bible Sunday offertory to the Sabha office at the earliest. The Clergy and the parishioners are exhorted to engage actively in the programmes and the resource mobilization initiatives of the local branches of the Bible Society.

Let us participate in God's mission through loving the Word, sharing the Word and living a Word-oriented life.

"Uphold me according to your promise, that I may live, and let me not be put to shame in my hope" (Psalms 119:116). May God's Word strengthen us in our life's journey.

Grace be with you all.

Dated 20th November 2021 from Poolatheen, Tiruvalla

**Dr. Theodosius Mar Thoma Metropolitan**